സർവ്വീസ് പ്ലസ് പദ്ധതി

272 (2510) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഐ.റ്റി. വകുപ്പ് സർവ്വീസ് പ്ലസ് പദ്ധതിയിലൂടെ എന്തൊക്കെ സേവനങ്ങളാണ് ജനങ്ങൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് ; ഇവ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ ?

ഉത്തരം

ആദ്യ ഘട്ടത്തിൽ സേവനാവകാശ നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ള സേവനങ്ങൾ സർവ്വീസ് പ്ലസ് വഴി നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എക്സൈസ് വകുപ്പിന്റെ രണ്ട് സേവനങ്ങളും വനം വകുപ്പിന്റെ ഒരു സേവനവും സർവ്വീസ് പ്ലസിൽ ലഭ്യമാണ്. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ മൂന്ന് സേവനങ്ങൾ സർവ്വീസ് പ്ലസ് വഴി നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

മാവേലിക്കര മണ്ഡലത്തിൽ ഐ.ടി. പാർക്ക്

273 (2511) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ ഒരു ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മാവേലിക്കരയിൽ ഒരു മിനി ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മാവേലിക്കര മണ്ഡലത്തിൽ സർക്കാർ മേഖലയിൽ ഐ.ടി. പാർക്ക് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. പ്രാവർത്തികവുമല്ല. സ്വന്തമായി ഭൂമിയും മൂലധനവുമുള്ള സ്വകാര്യ സംരംഭകർക്ക് സ്വകാര്യ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ച് മാവേലിക്കരയിൽ സ്വകാര്യ ഐ.ടി. പാർക്ക് സ്ഥാപിക്കുവാനായി മുന്നോട്ടുവരുന്നവർക്ക് എല്ലാ സഹായവും നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly